ഭരണഭാഷ- മാതൃഭാഷ

DDP-EKM/961/2019-E1

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽ സ്റ്റേഷൻ, രണ്ടാം നില
കാക്കനാട്, എറണാകുളം.
Email- ddp.ekm@gmail.com
**Ph No: 0484- 2422219**

**തീയതി: 22/04/2021**

**ക്വട്ടേഷൻ പരസ്യം**

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ ഔദ്യോഗിക ആവശ്യത്തിന് **2021-22** സാമ്പത്തിക വർഷത്തിൽ **(31/03/2022** വരെയോ, സ്വന്തമായി വാഹനം ലഭ്യമാകുത് വരെയോ) എയർ കണ്ടീഷൻ എസ്.യു. വി. (6+1 Seat), കാർ (സെഡാൻ) ഡ്രൈവർ സഹിതം പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള സീൽ വച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിശദാംശങ്ങൾ | ക്വട്ടേഷൻ നം. **DDP-EKM/961/2019-E1,** തീയതി **22/04/2021**<br>**7** സീറ്റിംഗ് കപ്പാസിറ്റിയുള്ള എയർ കണ്ടീഷൻ എസ്. യു. വി., കാർ (**2018** നോ, അതിന് ശേഷമോ ഉള്ള മോഡൽ) |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി | **04/05/2021 – 2 P. M.** |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | **04/05/2021- 3 P.M.** |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ്<br>രണ്ടാം നില, സിവിൽ സ്റ്റേഷൻ<br>കാക്കനാട്, പിൻ – **682030** |

**പൊതുവായ മാനദണ്ഡങ്ങൾ**

1) പ്രതിമാസം **1500** കി. മീ. ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധികരിച്ച് വരുന്ന കിലോ മീറ്റർ കണക്കാക്കുന്നത് **3** മാസക്കാലത്തേയ്ക്ക് ഓടുന്നതിൽ **4500** കി. മീ. അധികരിക്കുന്നത് കണക്കാക്കിയാണ്. ആയതിന് **3** മാസത്തേയ്ക്ക് **4500** കി. മീ കഴിയുന്ന ഓരോ കിലോ മീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

2) താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ **200/-**രൂപയുടെ മുദ്ര പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് **7 ദിവസത്തിനകം** അന്തിമ കരാർ വയ്ക്കേണ്ടതാണ്.

3) ഓർഡർ ലഭിച്ച് കഴിഞ്ഞ് എഗ്രിമെൻറ് സമർപ്പിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ സ്വമേധയാ അസാധുവാക്കുന്നതും, ഓർഡർ റദ്ദായതായി കണക്കാക്കി മറ്റ് വ്യക്തിയ്ക്ക് ഓർഡർ നൽകുന്നതുമായിരിക്കും.

4) ക്വാട്ട് ചെയ്യുന്ന നിരക്കിൽ ടാക്സുകളും, ഡ്യൂട്ടികളും ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്. കൂടാതെ ഇൻഷ്വറൻസ്, ടാക്സ്, ഇന്ധനം, വാഹനത്തിൻെറ മെയിൻറനൻസ്, ഡ്രൈവറുടെ വേതനം, ബാറ്റ എന്നീ എല്ലാ ചെലവുകളും വാഹനത്തിൻെറ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്.

5) മോട്ടോർ വാഹന നിയമ പ്രകാരം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണം. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. വാഹനത്തിൻെറ ആർ.സി.ബുക്ക്, ഇൻഷ്വറൻസ്, ടാക്സ്, ടാക്സി പെർമിറ്റ്, വാഹന ഉടമയുടെ തിരിച്ചറിൽ രേഖ എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6) എഗ്രിമെൻറ് സമർപ്പിച്ചു കഴിഞ്ഞാൽ ഒരു കാരണവശാലും നിരക്ക് വർദ്ധനവ് നിശ്ചിത കാലാവധിയിൽ അംഗീകരിക്കുന്നതല്ല.

7) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളത്തിന് ഏത് നിമിഷവും വേണമെങ്കിലും മതിയായ കാരണം കാണിക്കാതെ എഗ്രിമെൻറ് പൂർണ്ണമായോ, ഭാഗികമായോ റദ്ദ് ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കും. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയ്ക്ക് പുതിയ വാഹനം അനുവദിക്കുന്ന സാഹചര്യത്തിലും കരാർ റദ്ദാകുന്നതാണ്.

8) മോട്ടോർ വാഹന നിയമം **1968** പ്രകാരം മറ്റേതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ വാഹനത്തിന് മേൽ നിലനിൽക്കുന്നുവെങ്കിൽ, അധികൃതർക്ക് ഇത് സംബന്ധമായി യാതൊരുവിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

9) വാഹനം ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ മാത്രമേ വകുപ്പിൻെറ ഔദ്യോഗിക ബോർഡ് വാഹനത്തിൽ പ്രദർശിപ്പിക്കുവാൻ പാടുള്ളൂ എന്നും ,അല്ലാത്ത സമയങ്ങളിൽ ഔദ്യോഗിക ബോർഡ് നിർബന്ധമായും മറയ്ക്കുകയോ, അഴിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്.

10) കരാറുകാരന് ഇൻകം ടാക്സ് വകുപ്പിൽ നിന്നുള്ള **PAN ( Permanent Account Number)** ഉണ്ടായിരിക്കേണ്ടതാണ്. ആയതിൻെറ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11) ക്വട്ടേഷൻ അംഗീകരിച്ച് ലഭിക്കുന്ന വ്യക്തി കരാർ ലഭിക്കുന്ന തുകയുടെ **1% T.D.S.** ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

12) വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും , കാലപ്പഴക്കം **3** വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.

13) അവധി ദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും, സമയത്തും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം വാഹനം നൽകുവാൻ സാധിക്കാതെ വന്നാൽ പകരം വാഹനം കരാറുകാരൻെറ ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

14) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം അംഗീകരിക്കാത്ത മറ്റൊരു നിയമവ്യവസ്ഥകളും എഗ്രിമെൻറിൻെറ ഭാഗമാക്കുന്നതല്ല. കരാർ സമയത്ത് അംഗീകരിക്കുന്ന റേറ്റിൽ കരാർ കാലയളവിലെ ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

15) ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഫിനാൻഷ്യൽ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമാക്കി അംഗീകരിക്കുകയുള്ളൂ.

16) താഴെ പറയുന്ന **Annexure – 1** പ്രകാരമാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം

OFFICE OF THE DEPUTY DIRECTOR OF PANCHAYATS * ERNAKULAM

## ഐറ്റം വിശദീകരണം

| ക്രമ നമ്പർ | ഐറ്റം | വിശദാംശങ്ങൾ |
|---|---|---|
| **1** | ഡ്രൈവർ ഉൾപ്പെടെ 6+1 സീറ്റുള്ള വാഹനം (എയർ കണ്ടീഷൻ എസ്.യു.വി., കാർ (സെഡാൻ) ) | **2018** നോ, ശേഷമോ നിർമ്മിച്ച നല്ല റണ്ണിംഗ് കണ്ടീഷനുള്ള ഒരു വാഹനം |

## ANNEXURE – 1

### 6 +1 സീറ്റ് എയർ കണ്ടീഷൻ എസ്. യു. വി./ കാർ വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ

| | | |
|---|---|---|
| 1 | ദർഘാസുകാരന്റെ പേര് | |
| 2 | മേൽവിലാസം | |
| 3 | മൊബൈൽ നമ്പർ | |
| 4 | വാഹനം നിർമ്മിച്ച വർഷം | |
| 5 | വാഹനത്തിന്റെ മോഡൽ | |
| 6 | രജിസ്ട്രേഷൻ നമ്പർ & തീയതി | |
| 7 | പ്രതിമാസം **1500** കി. മീ വരെ ഓടുന്നതിന് ആവശ്യപ്പെടുന്ന നിരക്ക് | |
| 8 | **3** മാസം കൂടുമ്പോൾ **4500** കി. മീ അധികരിക്കുകയാണെങ്കിൽ, അധികം ഓടുന്നതിന് ആവശ്യപ്പെടുന്ന നിരക്ക് (ഒരു കി. മീറ്ററിന്) | |

**സ്ഥലം :**

**തീയതി :**

**(ഒപ്പ്)**

**ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര്**

**മേൽവിലാസം**